# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 498
# 02.12.2014 ലെ മറുപടിക്ക്
# മണ്ഡലം ആസ്തി വികസന പദ്ധതി

| ചോദ്യം.<br>ശ്രീ.പി.തിലോത്തമൻ | | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി |
|---|---|---|
| (എ) | മണ്ഡലം ആസ്തി വികസന പദ്ധതിപ്രകാരം എം.എൽ.എ. മാർ നിർദ്ദേശങ്ങൾ സമർപ്പിച്ചാൽ ഫയലുകൾ യഥാസമയം തീർപ്പാകാതിരിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;<br>ഫയലുകൾക്കും തപാലുകൾക്കും ക്രമ നമ്പർ ഉളളപ്പോൾ ക്രമവും സമയപരിധിയും തെറ്റിച്ച് ഫയലുകൾഅകാരണമായി താമസിപ്പിക്കുന്നതും, ഫയലിന്റെ പുരോഗതിയും, എന്തെങ്കിലും കാരണത്താലുള്ള തടസ്സങ്ങളും ബന്ധപ്പെട്ട എം.എൽ.എ. മാരെ അറിയിക്കാൻ സംവിധാനമില്ലാത്തതും എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ? | എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 28.12.2012 ലെ 73/2012/ധന സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അമിതമായ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫയലുകൾ യഥാക്രമം തീർപ്പാക്കാതിരിക്കുന്നതായോ അകാരണമായി വച്ചു താമസിപ്പിക്കുന്നതായോ ശ്രദ്ധയിൽ പെട്ടിട്ടില്ല. നടപ്പിലാക്കാൻ കഴിയാത്ത പ്രവൃത്തി നിർദ്ദേശങ്ങൾ കാരണസഹിതം ബന്ധപ്പെട്ട MLA യെ അറിയിക്കാറുണ്ട്. ഇക്കാര്യത്തിൽ തുടർന്നും കൂടുതൽ ശ്രദ്ധ നൽകുന്നതാണ്. |
| (ബി) | മണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരമുള്ള ജോലി നിർദ്ദേശങ്ങൾ സംബന്ധിച്ച് സമയബന്ധിതമായി ഉത്തരവുകൾ ഇറക്കാനും ജോലി പൂർത്തിയാക്കാനും എല്ലാ വകുപ്പുകൾക്കും അടിയന്തിര നിർദ്ദേശം നൽകുമോ? | നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ